**കൈത്താക്കാലം മൂന്നാം ഞായർ**
**ലൂക്കാ 10:38-42**

**വചനസന്ദേശം**

**ഫാ. ഡോൺ മുളവരിക്കൽ**

വി. ലൂക്കായുടെ സുവിശേഷത്തെ സ്ത്രീകളുടെ സുവിശേഷം എന്നും വിശേഷിപ്പിക്കാവുന്നതാണ്. കാരണം ഈശോയുടെ രക്ഷണീയ പദ്ധതിയിൽ ദൈവത്തോട് സഹകരിച്ചവരും ഈശോയുടെ പ്രത്യേക സ്നേഹത്തിനും പരിഗണനയ്ക്കും പാത്രീഭൂതരായവരുമായ സ്ത്രീകളെ സവിശേഷമാംവിധം വി. ലൂക്കാ തന്റെ സുവിശേഷത്തിൽ ചിത്രീകരിച്ചിട്ടുണ്ട്. ഈ ചിത്രങ്ങളിൽ ഏറെ പ്രധാനപ്പെട്ട ഭാഗമാണ് 10:38-42. ഈശോയെ തങ്ങളുടെ ഭവനത്തിൽ സ്വീകരിച്ച മർത്തായും മറിയവുമാണ് നമ്മുടെ ധ്യാനവിഷയം.

ഈശോയുടെ കാലത്തെ സ്ത്രീകളുടെ പ്രതിനിധിയായി മർത്തയെ കാണാം (ലൂക്കാ 10:38-42). വീട്ടിനുള്ളിലെ കർത്തവ്യങ്ങൾ ഭംഗിയായി നിർവഹിച്ചു തൃപ്തിയടയുന്നവളാണ് മർത്താ. എന്നാൽ, ഈശോ കൂടുതൽ ഇഷ്ടപ്പെടുന്നതു തന്റെ പാദാന്തികത്തിലിരുന്നു അവിടുത്തെ അധരങ്ങളിൽനിന്നു പൊഴിയുന്ന ദൈവവചനം ശ്രവിക്കുന്ന സഹോദരിയായ മറിയത്തെയാണ്. 'ഒന്നു മാത്രമേ ആവശ്യമായുള്ളൂ. മറിയം നല്ല ഭാഗം തിരഞ്ഞെടുത്തിരിക്കുന്നു' (ലൂക്കാ 10:42). തോറ നിയമം വായിക്കുന്നതിനോ പഠിക്കുന്നതിനോ ഗുരുക്കന്മാർക്കു ശിഷ്യപ്പെടുന്നതിനോ സ്ത്രീകൾക്കു സ്വാതന്ത്ര്യമില്ലാതിരുന്ന ഒരു പശ്ചാത്തലത്തിലാണ് ഈശോ ഇതു പറയുന്നത് എന്നത് ഇതിന്റെ പ്രസക്തി പ്രസ്പഷ്ടമാക്കുന്നു. പരമ്പരാഗതമായി സ്ത്രീക്കു കുടുംബത്തിലുള്ള സ്ഥാനം നഷ്ടപ്പെടുത്താതെ ഈശോയുടെ വചനം ശ്രവിച്ച് അവിടുത്തെ ശിഷ്യയാകാനുള്ള ക്ഷണമാണ് ഈശോ നൽകുന്നത്.

ഈ വചന ഭാഗത്ത് മർത്തായുടെ ശുശ്രൂഷ മനോഭാവത്തെയല്ല ഈശോ നിരാകരിക്കുന്നത് മറിച്ച് മർത്തായുടെ വ്യഗ്രതയെയാണ്. ഈ വചനഭാഗം വ്യാഖ്യാനിക്കുമ്പോൾ ഇതേ അദ്ധ്യായത്തിൽ തൊട്ടു മുൻപുള്ള വചനഭാഗം ചേർത്തുവച്ച് വായിക്കുന്നത് നല്ലതാണ്. നല്ല സമരിയാക്കാരന്റെ ഉപമ ഈശോ അവതരിപ്പിക്കുന്നതാണ് പ്രസ്തുത വചനഭാഗം. അവിടെ സഹോദര സ്നേഹത്തിന്റെ പ്രകടനമായ ശുശ്രൂഷാമനോഭാവത്തെ ഈശോ ഉയർത്തിപ്പിടിക്കുന്നു. എന്നാൽ മർത്തായുടെയും മറിയത്തിന്റെയും സംഭവത്തിലൂടെ ദൈവസ്നേഹത്തിന്റെ പ്രകടനമായ ദൈവവചനത്തോടുള്ള ആഴ മായ സ്നേഹത്തെ ഉയർത്തിക്കാണിക്കുന്നു. ചുരുക്കത്തിന്റെ ക്രിസ്തീയ ആത്മീയതയുടെ അടിസ്ഥാനം ദൈവസ്നേഹവും സഹോദരസ്നേഹവുമാണെന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു.
അലക്സാണ്ട്രിയായിലെ വിശുദ്ധ സിറിൽ പറയുന്നത് ഈശോ ഒരിക്കലും ശുശ്രൂഷ മനോഭാവത്തെയല്ല വിമർശിക്കുന്നതെന്നും മറിച്ച് മർത്തായുടെ വ്യഗ്രതയെയാണെന്നുമാണ്. ശുശ്രൂഷാമനോഭാവത്തെ ദൈവിക സുകൃതമായാണ് അദ്ദേഹം കാണുന്നത്. എന്നാൽ വ്യഗ്രത നമ്മെ പരദൂഷണത്തിലേക്കും വിദ്വേഷത്തിലേക്കും നയിക്കും എന്ന് മർത്തായുടെ വ്യഗ്രത നമ്മെ പഠിപ്പിക്കുന്നു.

മറിയത്തെപ്പോലെ ദൈവസന്നിധിയിൽ ഇരിക്കാൻ നമുക്ക് സാധിക്കണം. ഒപ്പം മർത്തായെപ്പോലെ ശുശ്രൂഷിക്കാനുള്ള മനസ്സ് നമുക്കും ഉണ്ടാകണം.